**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: prdalppy@gmail.com, വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് ഭരണഭാഷ മാതൃഭാഷ 2018 ജൂലൈ 08 ഞായർ**

---

## നവീകരിച്ച അമ്പലപ്പുഴ റെയിൽവേ ട്രാക്ക്- പൂത്തറ റോഡ് മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്തു.

അമ്പലപ്പുഴ : അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ നവീകരിച്ച റെയിൽവേ ട്രാക്ക്-പൂത്തറ റോഡ് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ ഉദ്ഘാടനം ചെയ്തു.മന്ത്രിയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച 25 ലക്ഷം രൂപ ഉപയോഗിച്ചാണ് പൂത്തറ റോഡ് നവീകരിച്ചത്.

മണ്ഡലത്തിലെ ഒട്ടുമിക്ക റോഡുകളും സമയബന്ധിതമായി പൂർത്തിയാക്കാനായത് ജനപ്രതിനിധികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജി.സുധാകരൻ പറഞ്ഞു. ബ്ലോക്ക്,പഞ്ചായത്ത് തലത്തിൽ ഇനിയും ഏറ്റെടുക്കാത്ത റോഡുകളുടെ ലിസ്റ്റ് നൽകിയാൽ ആസ്തി വികസന ഫണ്ടിൽനിന്ന് ഇനിയും തുക അനുവദിക്കാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

അമ്പലപ്പുഴ തെക്ക് ഗ്രാമപ്പഞ്ചായത്ത് അഞ്ചാം വാർഡിലെ ജനങ്ങളുടെ പ്രധാന റോഡുകളിൽ ഒന്നായ പൂത്തറ റോഡ് സഞ്ചാരയോഗ്യമാക്കുക എന്നത് ഏറെനാളായുള്ള ആവശ്യങ്ങളിൽ ഒന്നായിരുന്നു. പൂത്തുറയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുലാൽ അധ്യക്ഷത വഹിച്ചു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കൽ മുഖ്യാതിഥിയായി. പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശോഭബാലൻ, പി ഡബ്യു ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ വി. വിനു , അസിസ്റ്റന്റ് എഞ്ചിനീയർ ബ്രൂസൻ എന്നിവർ പ്രസംഗിച്ചു.

പി.എൻ.എ. (1602/2018)

## പഴയ നടക്കാവ് അമ്പലപ്പുഴ ക്ഷേത്രം റോഡിന്റെ നിർമ്മാണം തിങ്കളാഴ്ച (ജൂലൈ9) തുടങ്ങും

അമ്പലപ്പുഴ: അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ പഴയനടക്കാവ് ബഅമ്പലപ്പുഴ ക്ഷേത്രം റോഡിന്റെ നിർമ്മാണം തിങ്കളാഴ്ച്ച ആരംഭിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ്മന്ത്രി ജി.സുധാകരൻ പറഞ്ഞു. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത പഞ്ചായത്ത് പ്രസിഡന്റ് മാരുടെയും റോഡിന് ഇരുവശവുമുള്ള ബ്ലോക്ക് ,ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെയും യോഗത്തിലാണ് അദ്ദേഹം ഇത് അറിയിച്ചത്.കലുങ്കുകളുടെ നിർമാണമാണ് ആദ്യം ആരംഭിക്കുക.20 കോടി രൂപയാണ്

റോഡ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് അനുവദിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം പൂർണമായും അളന്ന് തിട്ടപ്പെടുത്തിയാവും നിർമ്മാണം ആരംഭിക്കുക.ആവശ്യമുള്ള സ്ഥലങ്ങളിൽ ഓടയും കൽക്കെട്ടുകളും പണിയും.തികച്ചും ആധുനിക രീതിയിൽ 12.31 കിലോമീറ്റർ നീളത്തിലാണ് റോഡ് നിർമ്മാണം. വീതികുറഞ്ഞ സ്ഥലങ്ങളിൽ പരമാവധി വീതിയിൽ റോഡ് നിർമ്മാണം നടത്തും.കരാറുകാരൻ മികച്ച നിലവാരത്തിൽ റോഡ് നിർമ്മിക്കണമെന്നും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശം നൽകി.യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റുമാരായ ജി.വേണുലാൽ, അഫ്സത്ത്,ഷീജ,സുവർണ്ണ പ്രതാപൻ, ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു.

പി.എൻ.എ. (1603/2018)

## ലൈഫ് പദ്ധതി രണ്ടാംഘട്ട അനുവാദപത്രിക നൽകലും ആദ്യ ഗഡു വിതരണവും

അമ്പലപ്പുഴ: അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന നിർമാണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ആദ്യഗഡു വിതരണ ഉദ്ഘാടനം പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിച്ചു. രണ്ടാംഘത്തിന്റെ ഭാഗമായി പഞ്ചായത്തിലെ നൂറ് ഗുണഭോക്താക്കൾക്കാണ് അനുവാദ പത്രികയും ആദ്യ ഗഡുവും നൽകുന്നത്. അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത് അധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രജിത്ത് കാരിക്കൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് യു.രാജുമോൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അനിതാ സതീഷ്, യു.എം.കബീർ, ഗ്രാമപഞ്ചായത്തംഗങ്ങളായ ജി.രാധ, ഷീജാ നൗഷാദ്, എ.ഷമീർ.പഞ്ചായത്ത് സെക്രട്ടറി രാജ് കുമാർ എന്നിവർ പ്രസംഗിച്ചു.

പി.എൻ.എ. (1604/2018)

## കടലിൽ മൽസ്യബന്ധനം ഒഴിവാക്കണം

കേരള ലക്ഷദ്വീപ് തീരങ്ങളിൽ വടക്ക് പടിഞ്ഞാറ് ദിശയിൽ മണിക്കൂറിൽ 35-45 കി.മീ.വേഗതയിൽ കാറ്റ് വീശാൻ സാധ്യത. മത്സ്യത്തൊഴിലാളികൾ ലക്ഷദ്വീപിൻെറ പടിഞ്ഞാറ് തെക്ക് പടിഞ്ഞാറ് ഭാഗത്തും അറബിക്കടലിൻെറ വടക്കു ഭാഗത്തും ജൂലൈ ഒമ്പതുവരെ മത്സ്യബന്ധനത്തിന് പോകരുത്.

പി.എൻ.എ. (1605/2018)

## ????? ?????????? '?????? ??????? ????? ?????' ???????????

???????????: ?????? ??????????? ????????????????? '?????? ??????? ????? ?????' ??????????? ????? (???? 9 ???????????? ) ?????????? 4 ??????? ??????????????? ?????????? ????????? ???????. ??????????????? ????????? ?????????? ??????? ?????????? ????????????????? ???????? ????????????????.

പി.എൻ.എ. (1606/2018)

/അവസാനിച്ചു/